6. NON-OFFICIAL RESOLUTIONS

(1) Penalising Theendal—Proclamation—issue of

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എന്റെ റസല്യൂഷൻ ഇതാണ്. "This Council recommends to Government to penalise Theendal by a Royal Proclamation". ഇതിനെ സംബന്ധിച്ചു ഗവമ്മെണ്ടു ഒരു ബിൽ കൊണ്ടുവരാമെന്നു കഴിഞ്ഞ മേടം കൌൺസിലിൽവെച്ചു പറയുകയുണ്ടായി. അതുകൊണ്ടു ഇതിനെ സംബന്ധിച്ചു ഗവമ്മെണ്ടു ഇതേവരെ എടുത്തിട്ടുള്ള നടപടി എന്താണു് എന്നു അറിഞ്ഞതിനുശേഷം ഈ പ്രമേയം ഇവിടെ അവതരിപ്പിക്കാമെന്നാണു് വിചാരിക്കുന്നതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ബില്ലു് തയ്യാറായിട്ടുണ്ടു്. ഇത്തവണയിലെ അജണ്ടയിൽ പല ബില്ലുകളും കൊള്ളിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഇതു മൂവു ചെയ്യാൻ സാധിച്ചില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഗവമ്മെണ്ടു അടുത്തുതന്നെ ഒരു ബിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതുകൊണ്ടു് ഞാൻ ഈ പ്രമേയം ഇവിടെ മൂവു ചെയ്യുന്നില്ല.

Resolution not moved

(2) Grant of Educational Concessions to Arayas

മിസ്റ്റർ കെ. എ. രാഘവൻ: ഞാൻ അവതരിപ്പിക്കുന്ന പ്രമേയം ഇതാണു്. "വിദ്യാഭ്യാസത്തിൽ കൊച്ചിയിലെ അരയന്മാരുടെ നിലയെ പരിഗണിച്ചു അരയവിദ്യാർത്ഥികൾക്കു പത്താം ക്ലാസ്സുവരെയെങ്കിലും (പത്താം ക്ലാസ്സുൾപ്പടെ) യുള്ള സകല വിദ്യാഭ്യാസസൌജന്യങ്ങളും അനുവദിച്ചു നൽകണമെന്നു ഈ സഭ ബഹുമാനപ്പെട്ട ഗവമ്മെണ്ടിനോടു പ്രാർത്ഥിക്കുന്നു".

സർ, ഈ നാട്ടിലെ ഒരു ന്യൂനപക്ഷസമുദായത്തിന്റെ പ്രാതിനിദ്ധ്യം വഹിക്കുന്ന ഞാൻ കഴിഞ്ഞ നിയമസഭയിലെ ഒരു സമ്മേളനത്തിൽ വിദ്യാഭ്യാസപരമായി ഞങ്ങൾക്കുള്ള അവശതകളുടെ പരിഹാരാർത്ഥം വിദ്യാഭ്യാസ സംബന്ധമായ എന്തെങ്കിലും ആനുകൂല്യങ്ങൾ തരണമെന്നു അഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു പ്രമേയം അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട സഭ സദയം അതു പാസ്സാക്കി തരുകയുമുണ്ടായി. എന്നാൽ മഹാരാജാവു തിരുമനസ്സിലെ അനുകമ്പയും, അനുഭാവവും അതിന്മേൽ ഉണ്ടാകാനുള്ള ഭാഗ്യം എന്റെ സമുദായത്തിന്നില്ലാതെപോയി എന്നും തന്മൂലം എന്റെ സമുദായം പ്രതീക്ഷിക്കാത്ത ഒരടിയേറുപോലെ തീവ്രമായ മനോവേദനയിൽ ആണ്ടിരിക്കുകയാണു എന്നുള്ള വസ്തുത ഞാൻ ഇവിടെ പറഞ്ഞുകൊള്ളട്ടെ. ഞങ്ങളുടെ സാമ്പത്തിക സ്ഥിതി പരമാർത്ഥം പറയുകയാണെങ്കിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്ന അധഃകൃതരെക്കാൾ വളരെ വളരെ താഴ്ന്നതാണു എന്നുള്ളതു് ഒരു നഗ്നസത്യം മാത്രമാണു്. അരയസമുദായത്തിൽ വിദ്യാഭ്യാസം സിദ്ധിച്ചവരുടെ കണക്കെടുത്തു നോക്കിയാൽ ഈ കാര്യത്തിൽ ഞങ്ങളുടെ നില വളരെ കഷ്ടമാണെന്നു കാണാം. ഈ വിവരങ്ങൾ മുമ്പാകെഇരിക്കുമ്പോൾഇതനുസരിച്ചല്ലാതെ മറെറാരുവിധത്തിലുള്ള തീരുമാനം വരുത്തുന്നതു ഞങ്ങൾക്കു് ദുസ്സഹമായ മനോവേദന ഉണ്ടാക്കുന്ന സംഗതിയാണു്. സൂക്ഷ്മമായി പരിശോധിക്കുന്നപക്ഷം,ഞങ്ങൾ അധഃകൃതരെക്കാൾ അധഃപതിക്കപ്പെട്ട നിലയിലാണു്ഇരിക്കുന്നതു എന്നു കാണാം. ഭയങ്കരമായ കടൽകോളുകളേയും, കൊടുങ്കാറുകളേയും വകവെക്കാതെ ജീവനെപ്പോലും തൃണവൽഗണിച്ചു സമുദ്രത്തോടു ഘോരസമരം നടത്തിയാണു് ഞങ്ങളിൽ ഭൂരിഭാഗവും അഹോവൃത്തി കഴിച്ചു കൂട്ടുന്നതു്. കടൽ ദിവസേന ആഹാരം തരുന്ന ഒരു ദാതാവല്ലാത്തതിനാൽ പല ദിവസവും പട്ടിണിയിൽ കഴിഞ്ഞുകൂടേണ്ടിവരുന്നുണ്ടു്. അങ്ങിനെ ഇരിക്കുന്ന സ്ഥിതിക്കു ഞങ്ങൾക്കു ഇന്നത്തെ ദയനീയ സ്ഥിതിയിൽനിന്നു മോചനം നേടണമെങ്കിൽ ഗവമ്മെണ്ടിന്റെ അനുഭാവവും, അവലംബവും കൂടാതെ സാദ്ധ്യമാകുന്നതല്ല. അവശസമുദായങ്ങളുടെ ഉദ്ധാരണം, രാഷ്ട്രത്തിന്റെ അനുപേക്ഷണീയ ധർമ്മങ്ങളായി കരുതപ്പെടുന്ന ഒരു പരിഷ്കൃത ഗവമ്മെണ്ടിനു ഞങ്ങളുടെ ഈ ആവശ്യങ്ങൾ നിവൃഹിക്കാൻ വേണ്ട മഹാമനസ്കത ഉണ്ടാകാതെ മറെറാരു പോംവഴിയും കണ്ടെത്തുവാൻ കഴിയുകയില്ല. അതുകൊണ്ടു് പരമാധികാരം വഹിക്കുന്ന മഹാരാജാവു തിരുമനസ്സിനോടും ഇന്നത്തെ ബഹുമാനപ്പെട്ട ജനകീയ ഗവമ്മെണ്ടിനോടും, ക്യാബിനറിനോടും എന്റെ സമുദായത്തിന്റെ പ്രതിനിധിയെന്ന നിലയിൽ എനിക്കു മിതമായ തോതിൽ അപേക്ഷിക്കുവാനുള്ളതു

LIBRARY ARCHIVES Kerala Legislative Assembly

[Mr: K. A. Raghavan]

ഞങ്ങളുടെ സമുദായത്തിലെ വിദ്യാർത്ഥികളുടെ ഫീസ്സെങ്കിലും ഇളവുചെയ്യ തരുവാൻവേണ്ട ഒരു തീരുമാനം ഉടനെ ഉണ്ടാകണമെന്നാണ്. ഈ പ്രമേയത്തിൽ ആവശ്യപ്പെട്ട പോലെയുള്ള കാര്യങ്ങൾ സാധിച്ചു തരാൻ പണസംബന്ധമായ ഒഴികഴിവു ബഹുമാനപ്പെട്ട മന്ത്രി അവർകൾ പറയാതെ ഞങ്ങളുടെ കുട്ടികൾക്ക ഫീസ്സെങ്കിലും ഇളവു ചെയ്യ തന്നു ഞങ്ങളുടെ കുട്ടികളെ വിദ്യാസമ്പന്നരാക്കണം എന്നുള്ള അപേക്ഷമാത്രമാണ് എനിക്കുള്ളൂ.

മിസ്റ്റർ പി. കെ. ഡീവർ : സർ, ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. ഈ പ്രമേയം അതേപടി ഒരുപക്ഷേ സ്വീകരിക്കാൻ ഗവൺമെണ്ടിനു ബുദ്ധിമുട്ടുണ്ടായി എന്നു വന്നേക്കാം. എങ്കിലും അവതാരകൻ പറഞ്ഞ അവസാനഭാഗത്തേക്ക ഗവൺമെണ്ടിന്റെ ശ്രദ്ധയെ ക്ഷണിക്കുവാനാണു ഞാൻ ആഗ്രഹിക്കുന്നതു്. വിദ്യാഭ്യാസം ചെയ്യാൻ ആഗ്രഹമുള്ള പല കുട്ടികളും ഈ സമുദായത്തിൽ കാണും. ഫറ മാസവും തുടച്ചയായി തൊഴിലുണ്ടാകുന്ന ഒരു വർഗ്ഗമല്ല മീൻപിടുത്തക്കാർ. പല കാരണങ്ങളാൽ തുടച്ചയായി തൊഴലില്ലാത്തതുകൊണ്ടു് എല്ലാക്കാലങ്ങളിലും അവരുടെ കുട്ടികളെ പണം കൊടുത്തു വിദ്യാഭ്യാസം ചെയ്യിക്കുക എന്നുള്ളതു വളരെ വിഷമമുള്ള ഒരു കാര്യമാണ്. വിദ്യാഭ്യാസസൌജന്യങ്ങൾ എല്ലാം അനുവദിച്ചുതരണമെന്നാവശ്യപ്പെടുമ്പോൾ അധഃകൃതർക്ക കൊടുക്കുന്ന വിദ്യാഭ്യാസസൌജന്യങ്ങളാണോ ഉദ്ദേശിക്കുന്നതു് എന്നു ചോദിച്ചേക്കാം. അധഃകൃതവിദ്യാർത്ഥികൾക്ക കൊടുക്കുന്നതുപോലെ പുസ്തകവും സ്ലേറ്റും വസ്ത്രവും മറ്റും കൊടുക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല. പക്ഷെ സൌജന്യവിദ്യാഭ്യാസത്തിനുള്ള സൌകര്യങ്ങൾ അവർക്ക നല്കുണം എന്നു ഞങ്ങൾ അപേക്ഷിക്കുന്നു. അധഃകൃതഡിപ്പാർട്ടുമെണ്ടിലെ ധനാഭ്യർത്ഥന അവതരിപ്പിച്ചു കൊണ്ടു ബഹുമാനപ്പെട്ട പൊതുമരാമത്തുമന്ത്രി ഈ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവന്ന ഒരു സംഗതി ഇവിടെ ആവർത്തിക്കുന്നതു് അസംഗതമാകയില്ലെന്നു വിശ്വസിക്കുന്നു. അദ്ദേഹം പറയുകയുണ്ടായി, ആ ഡിപ്പാർട്ടുമെണ്ടിൽ അവതരിപ്പിക്കുന്നതിനു തലേദിവസം ഒരു അനുമോദന സല്ക്കാരത്തിൽ അദ്ദേഹം പങ്കുകൊള്ളുകയുണ്ടായിയെന്നു്. ആ സല്ക്കാരം ഒരു മീൻപിടുത്തക്കാരൻ ആദ്യമായി B. L. പാസ്സായിവന്നതിനെ അനുമോദിക്കുന്നതിനായിരുന്നു. ഇന്നയാൾ പാസ്സായി എന്നുള്ളതുകൊണ്ടല്ലാ അനുമോദനസല്ക്കാരമുണ്ടായതു്. ആ സമുദായത്തിൽനിന്നു ആദ്യമായി ഒരാൾ B. L. പാസ്സായിവന്നതുകൊണ്ടാണു് അനുമോദനസല്ക്കാരമുണ്ടായതു്. ആ സമുദായത്തിൽനിന്നു വളരെ ആളുകൾ പാസ്സായിരുന്നു എങ്കിൽ, ഇങ്ങിനെയുള്ള അനുമോദനം ഉണ്ടാകുമായിരുന്നില്ല. അധഃകൃതസമുദായത്തിൽനിന്നു രണ്ടുപേർ B. L. പാസ്സായി. നാലുപേർ നിയമപരീക്ഷക്ക പഠിച്ചുകൊണ്ടിരിക്കുന്നുണ്ടു്. ഒരാളെ മെഡിക്കൽകോഴ്സിനു് അയച്ചിട്ടുണ്ടു്. കൊച്ചിയിൽ തന്നെ ൧൦-ൽപരം അധഃകൃതവിദ്യാർത്ഥികൾ കോളേജുക്ലാസ്സുകളിൽ പഠിക്കുന്നുണ്ടു്. വളരെയധികം കുട്ടികൾ ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നുണ്ടു് എന്നെല്ലാം പൊതുമരാമത്തുമന്ത്രി അവർകൾ പറഞ്ഞു. എന്നാൽ ഈ സമുദായത്തിൽ നോക്കുകയാണെങ്കിൽ വളരെ വിരളമായിട്ടേ ഇമ്മാതിരി പഠിക്കുന്ന കുട്ടികളെ കാണാൻ കഴിയുകയുള്ളു. വാസ്തവത്തിൽ പഠിക്കാൻ ആഗ്രഹമില്ലാത്തതുകൊണ്ടല്ല. വേദവ്യാസനെപ്പോലെ അപാരവിജ്ഞാനഭണ്ഡാഗാരമായിരുന്ന മഹാമുനിയെ സൃഷ്ടിച്ചവംശമെന്നഭിമാനിക്കുന്ന ഈ സമുദായത്തിൽപെട്ടവർ, ഭാരതഭൂഖണ്ഡത്തിനുതന്നെയല്ല ലോകത്തിനു മുഴുവൻതന്നെ വേദങ്ങൾ പകുത്തുകൊടുത്തു് അവരെ മുഴുവൻ അനുഗ്രഹിച്ചിരുന്ന ഒരു മഹാശയന്റെ വംശജന്മാർ അക്ഷരാഭ്യാസത്തിൽ വിമുഖരായിരിക്കും എന്നു വിചാരിക്കാൻ നിവൃത്തിയില്ല. അക്ഷരാഭ്യാസത്തിനു വളരെയധികം താല്പര്യമുള്ളവരാണു് അവർ. പക്ഷേ അവരുടെ തൊഴിലിന്റെ നിലമൂലം വന്നിരിക്കുന്ന നിത്യദാരിദ്ര്യംകൊണ്ടാണു് അവർക്ക് അവരുടെ ആഗ്രഹം നിറവേറ്റാൻ സാധിക്കാതെവരുന്നതു്. പൊതുവെ ദരിദ്രരായ ഒരു വർഗ്ഗമാണു് അരയന്മാർ. ആ സമുദായത്തിന്റെ സാമ്പത്തികമായ പരിതാപനിലനിമിത്തമാണു സമുദായത്തിന്റെ പേരിൽ ഈ സൌജന്യം ആവശ്യപ്പെടുന്നതു്. നാം ജാതികളായിട്ടാണു് ഇന്നു നില്ക്കുന്നതു്. ജാതിയിൽ ജനിച്ചു, ജാതിയിൽ മരിക്കുന്നു. നിസ്സാരമായ കാര്യങ്ങളിൽപോലും നാം ഇന്നു ജാതികാണുന്നുണ്ടു്. അതു നമ്മുടെ രക്തത്തിൽ കലർന്നുപോയിരിക്കുന്നു. അതു മാറാൻ വളരെക്കാലം വേണ്ടിവന്നേക്കാം. അതിഗംഭീരമായ പല പരിവർത്തനങ്ങൾക്കു ശേഷമേ ഈ മാറ്റങ്ങൾ ഉണ്ടാകാൻ ഇടയുള്ളു. അതുവരെ ജാതി നില്ക്കുന്നതാണു്. അതുകൊണ്ടു ദരിദ്രമായ ഒരു സമുദായത്തെ, കുലപരമ്പരയായി ചെയ്തുകൊണ്ടിരിക്കുന്ന ആദായമാറ്റ ഒരു തൊഴിലിന്റെ പേരിൽ ദാരിദ്ര്യമനുഭവിക്കുന്ന ഒരു സമുദായത്തെ ഉദ്ധരിക്കുന്നതു രാജ്യത്തിന്റെ സമുദ്ധാരണവിഷയത്തിൽ ഏറ്റവും അത്യാവശ്യമായ ഒരു പരിപാടിയായി

LIBRARY ARCHIVES Kerala Legislative Assembly

ഗവമ്മെണ്ട് സ്വീകരിക്കണം. ഈ തത്വം ഗവമ്മെണ്ടു് അംഗീകരിച്ചിട്ടുണ്ടു്. അധഃകൃതക്ക വിദ്യാഭ്യാസസൌജന്യങ്ങൾ കൊടുത്തു് അവരെ ഉദ്ധരിക്കുന്നതായാൽ മാത്രമേ രാജ്യം ഉദ്ധരിക്കുകയുള്ളു എന്നു ബോദ്ധ്യപ്പെട്ടതിന്റെ ഫലമായിട്ടാണു ഗവമ്മെണ്ടു് അങ്ങിനെ ഒരു പരിപാടി സ്വീകരിച്ചതു്. ഇതുപോലെ പകുതി ഫീസ്സിളവു പലക്കും ഗവമ്മെണ്ടു കൊടുത്തിട്ടുണ്ടു്. ധനാഢ്യന്മാർ ധാരാളമുള്ള സമുദായത്തിലെ—പൊതുവെ സമ്പന്നമെന്നറിയപ്പെട്ടുന്ന നമ്പൂതിരിസമുദായത്തിലെ—അംഗങ്ങൾക്കും വിദ്യാഭ്യാസസൌജന്യങ്ങൾ പലതും അനുവദിച്ചുകൊടുത്തിട്ടുണ്ടു്. ഈ രാജ്യത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും ഒരുപോലെ വിദ്യാഭ്യാസം നല്കണമെന്നുള്ളതാണു ഗവമ്മെണ്ടിന്റെ ഉദ്ദേശം. ഈ രാജ്യത്തിലെ മുസ്ലീമിങ്ങൾക്കും യഹൂദസമുദായത്തിലുള്ളവർക്കും വിദ്യാഭ്യാസത്തിനു പല സൌജന്യങ്ങളും ഗവമ്മെണ്ടു് കൊടുക്കുന്നുണ്ടു്. അതിന്റെ ഉദ്ദേശം ആധുനികരീതിയിലുള്ള വിദ്യാഭ്യാസം ഒരു ജനവിഭാഗത്തിനും ലഭിക്കാതെപോകാൻ ഇടയാകരുതു് എന്നുള്ളതാണു്. പാവപ്പെട്ട ഈ ചെറിയ സമുദായത്തിനു ആധുനികരീതിയിലുള്ള വിദ്യാഭ്യാസം സമ്പാദിക്കുന്നതിനു് അതു് അവരുടെ സ്ഥിതിക്കു ദുർവ്വഹമായ ചിലവുള്ള കാര്യമാകയാൽ അതിനവർക്കു കഴിവില്ലാതെവരുന്നു. ആ കാര്യത്തിൽ അവരെ പ്രോത്സാഹിപ്പിക്കണമെന്നാണു ഞാൻ ഗവമ്മെണ്ടിനോടു പറയുന്നതു്. ഇതുപോലെയുള്ള ഒരു പ്രമേയം ഇതിനു മുമ്പു് ഇവിടെ പാസ്സാക്കിട്ടുണ്ടു്. എങ്കിലും അതു നടപ്പിൽ വരുത്തുകയുണ്ടായില്ല. അതിന്റെ വിധി ഇതിനും വന്നുചേരരുതു് എന്നാണു ഞാൻ ആഗ്രഹിക്കുന്നതു്. വളരെ കുറച്ചാളുകൾ മാത്രമാണു് ഈ സമുദായത്തിൽനിന്നു കോളേജിൽ പഠിക്കുന്നതു്. കോളേജിനു് അടുത്തു താമസിക്കുന്ന ചിലർ കോളേജ്‌വിദ്യാഭ്യാസം ചെയ്യുന്നുണ്ടെന്നല്ലാതെ പുറമേനിന്നു വന്നു പഠിക്കാൻ കഴിവുള്ള ആളുകൾ ഈ സമുദായത്തിൽ ഒട്ടുംതന്നെകാണുകയില്ല. മിസ്റ്റർ രാഘവനെപ്പോലെയുള്ള ഒന്നോ രണ്ടോ വ്യക്തികളെ ധനവാന്മാരെന്നു പറയുവാൻ പാടില്ല. അല്പം കഴിച്ചിലിനുവകയുള്ള വ്യക്തികൾ ഈ സമുദായത്തിലുണ്ടായിരിക്കാം. എന്നാൽ മറ്റു സമുദായങ്ങളിലെ ധനാഢ്യന്മാക്കു നാളികേരത്തിന്റെ പൊരിക്കു വിറകുകിട്ടുന്ന കാശു് നാളികേരവും നെല്ലും വിറ്റാൽകിട്ടുന്ന ഒരൊറ്റ വ്യക്തിയെങ്കിലും ഈ സമുദായത്തിലില്ല എന്നതാണു പരമാർത്ഥം. നൂ മാസത്തെ തൊഴിലിനെമാത്രം ആശ്രയിച്ചു ജീവിക്കുന്നവരാണവർ. അവരുടെ ആത്മാവു പണയം വച്ചു വേണം കടലിൽ പോയി മത്സ്യം പിടിക്കാൻ. ഇതു ദിവസവുമുള്ള പണിയല്ലാത്തതുകൊണ്ടു് അവർ ദാരിദ്ര്യത്തെ ആലിംഗനം ചെയ്തുകഴിഞ്ഞുകൂടുകയാണു്. ആ നിലയിൽ വിദ്യാഭ്യാസത്തിനു്അവക്കു ത്രാണിയില്ലാത്തതുകൊണ്ടു് അവരെ സഹായിക്കണമെന്നാണു ഗവമ്മെണ്ടിനോടു പറയുന്നതു്. ഇതുമൂലം ഗവമ്മെണ്ടിനുണ്ടാകുന്ന സാമ്പത്തികനഷ്ടം വളരെ നിസ്സാരമായിരിക്കും. പ്രമേയത്തിലെ വാചകം വിദ്യാഭ്യാസസൌജന്യങ്ങൾ എല്ലാം അനുവദിച്ചുകൊടുക്കണമെന്നാണെങ്കിലും ഇപ്പോൾ അവക്കു ഫീസിളവു ചെയ്തുകൊടുത്താൽ മാത്രം മതി. ദാരിദ്ര്യമുണ്ടെങ്കിലും സ്ലേറ്റും പുസ്തകവും കൊടുക്കണമെന്നു ഞങ്ങൾ ആവശ്യപ്പെടുകയില്ല. അതു ഞങ്ങൾ എങ്ങിനെയെങ്കിലും നിവർത്തിച്ചു പഠിക്കാൻ ശ്രമിക്കുമ്പോൾ ഫീസെങ്കിലും ഞങ്ങൾക്കു ഇളവുചെയ്തുതരണമെന്നാണു പറയുന്നതു്. വിദ്യാഭ്യാസം വളരെയധികം പുരോഗമിച്ചിരിക്കുന്ന ഇക്കാലത്തു് ഒരു B.L. ബിരുദധാരിയാണു ഞങ്ങളുടെ സമുദായത്തിൽ ഇതുവരെ ഉണ്ടായിട്ടുള്ളതു്. ബി. എൽ. ബിരുദധാരികളെക്കൊണ്ടു് നിറഞ്ഞിരിക്കുന്ന ഈ കാലത്തു്. തൊഴിലില്ലാ വക്കീൽ തൊഴിലാളിസംഘം സ്ഥാപിക്കണമെന്നുപോലും അവരിൽ ചിലർ വിചാരിക്കുന്ന ഇക്കാലത്തു ഞങ്ങളുടെ കൂട്ടത്തിൽനിന്നു് ഒരു B. L. പാസ്സായിവന്നതിനെ അനുമോദിക്കുന്നു. ഞങ്ങളുടെ സമുദായത്തിൽനിന്നു് ആദ്യമായിട്ടൊരാൾ പാസ്സായിവന്നതുകൊണ്ടാണു് അനുമോദനയോഗം കൂടിയതു്. അല്ലെങ്കിൽ അതൊരു അനുശോചനയോഗമാകേണ്ടതായിരുന്നു. എങ്കിലും ഇങ്ങിനെയുള്ള ബിരുദധാരികളെ ഞങ്ങളുടെ സമുദായത്തിൽ ധാരാളമായി ഉണ്ടാകുവാൻ ഞങ്ങളുടെ സമുദായത്തിലെ വിദ്യാഭ്യാസത്തെ ഗവമ്മെണ്ടു പ്രോത്സാഹിപ്പിക്കണം. പണ്ടാണെങ്കിൽ ഈമാതിരി സഹായം അഭ്യർത്ഥിക്കാൻ മഹാരാജസന്നിധിയിലാണു ഞങ്ങൾ പോവുക. ഞങ്ങളുടെ അഭ്യർത്ഥന തീർപ്പായും രാജസ്ഥാനുള്ള നേരിട്ടു സമർപ്പിച്ചാൽ ഞങ്ങൾ രാജ്യത്തിനും രാജകുടുംബത്തിനും പൂർവ്വകാലങ്ങളിൽ ചെയ്തിട്ടുള്ള അമൂല്യസേവനങ്ങളെ മാത്തിട്ടെങ്കിലും ഈ സഹായം ലഭിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ ഇന്നത്തെ ഭരണസമ്പ്രദായമനുസരിച്ചു് ആ അഭ്യർത്ഥന അവിടെയല്ലാ ചെയ്യേണ്ടതു്, ഇവിടെയാണു ചെയ്യേണ്ടതു് എന്നു ഞങ്ങൾക്കറിയാം. അതുകൊണ്ടാണു് ഈ പ്രമേയം ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. രാജ്യത്തിനും രാജകുടുംബത്തിനും ഞങ്ങൾ ചെയ്തിട്ടുള്ള നിസ്തുലസേവനങ്ങൾ ഒരിക്കലും വിസ്മരിക്കുന്നവരല്ല ഇന്നു രാജകുടുംബത്തിലുള്ളവർ എന്നു

LIBRARY ARCHIVES Kerala Legislative Assembly

[Mr: P. K. Dewer]

ഞങ്ങൾക്കറിയാം. ഞങ്ങളുടെ ഇന്നത്തെ ദാരുണമായ സാമ്പത്തികനില അറിയുന്ന ഈ നിയമസഭക്കു് ഇന്നത്തെ ഗവമ്മെണ്ടു് അനുകമ്പയോടുകൂടി ഈ പ്രമേയത്തെ പരിഗണിക്കും എന്നുള്ള വിശ്വാസത്തോടുകൂടിയാണു ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നതു്.

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കം നില്ക്കുന്ന സമുദായങ്ങൾക്കു എത്ര ആനുകൂല്യങ്ങൾ ചെയ്തുകൊടുത്താലും മതിയാകയില്ലെന്നുള്ള അഭിപ്രായക്കാരനാണു് ഞാൻ. ആ നിലയിൽ ഈ പ്രമേയത്തെ വളരെ സന്തോഷത്തോടുകൂടി പിൻതാങ്ങുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതേവരെയായി വാലസമുദായത്തിൽനിന്നു നിയമപരീക്ഷ പാസ്സായിട്ടുള്ള ഒരാൾമാത്രമെ ഉള്ളു എന്നറിയുന്നതിൽ എനിക്കു ഖേദമുണ്ടു്. അധഃകൃതരേക്കാൾ സാമാന്യമായി മെച്ചമേറിയ ഒരു സമുദായമാണു് അരയസമുദായം എന്നാണു് ഞാൻ ധരിച്ചിരുന്നതു്. ആ നിലയിൽ B. L. പാസ്സായ ഒരാൾ മാത്രമേ ഈ സമുദായത്തിലുള്ളു എന്നതു് ദയനീയമായ ഒരു അവസ്ഥയാണു്. ഇതുകൊണ്ടുതന്നെ മനസ്സിലാക്കുവാൻ കഴിയും അരയസമുദായം വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കമാണെന്നു്. പെരുമണ്ണാൻ സമുദായത്തിനു വിദ്യാഭ്യാസാനുകൂല്യങ്ങൾ കൊടുത്തുതുടങ്ങിയിട്ടു വ, ൻ കൊല്ലത്തോളമായിട്ടുണ്ടു്. അവരുടെ സാമ്പത്തിക സ്ഥിതിയേക്കാൾ ഒട്ടുംതന്നെ മെച്ചമല്ല അരയസമുദായത്തിന്റേതു് എന്നാണു് മനസ്സിലാകുന്നതു്. അതുകൊണ്ടു ഈ കാര്യം വളരെ ഗൌരവമായി കണക്കാക്കണമെന്നുമാത്രമാണു് ഈ നിയമസഭയേയും ഗവമ്മെണ്ടിനേയും ഞാൻ ഉൽബോധിപ്പിക്കുന്നതു്. മിസ്റ്റർ രാഘവൻ കഴിഞ്ഞയവസരത്തിൽ ഈ പ്രമേയം ഇവിടെ കൊണ്ടുവന്നപ്പോൾ ഞാൻ അതിനെ സപ്പോർട്ടുചെയ്തുകയാണുണ്ടായതു്. ഇന്നു അതിനേക്കാൾ പതിന്മടങ്ങു ശക്തിയോടുകൂടി ഞാൻ ഇതിനെ അനുകൂലിക്കുന്നു. അരയസമുദായത്തിന്റെ ആവശ്യം യഥാർത്ഥത്തിൽ തള്ളികളയേണ്ടതല്ലായെന്നു, ഇനിയെങ്കിലും ഗവമ്മെണ്ടു് മനസ്സിലാക്കേണ്ടതാണു്. ഈ കൌൺസിൽ ഇതിനെ, വളരെ ഗൌരവമായി ആലോചിച്ചു ഇതു സാധിച്ചുകൊടുക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഗവമ്മെണ്ടിനു എത്ര സാമ്പത്തികമായ ബുദ്ധിമുട്ടുകൾ നേരിട്ടാലും ഇതു് തീരെ തള്ളികളയുവാൻ പാടില്ലാത്ത ഒരാവശ്യമായതുകൊണ്ടു് ഇതു് ഉടനെ അനുവദിച്ചുകൊടുക്കണമെന്നു, പത്താംക്ലാസ്സു പാസ്സാകുന്നതുവരെ ഫീസ്സു് ഇളവു് എങ്കിലും അനുവദിക്കണമെന്നു, ബഹുമാനപ്പെട്ട ഗവമ്മെണ്ടിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: സർ, ഈ പ്രമേയത്തെ അനുകൂലിക്കുന്നതിനു എനിയ്ക്കു അതിയായ സന്തോഷമുണ്ടു്. കാരണം, ഈഴവരും, അരയന്മാരും വളരെ അടുത്ത ബന്ധുക്കളാണു്. എല്ലാവക്കും വിശിഷ്യാ പിന്നോക്കംനില്ക്കുന്ന എല്ലാസമുദായങ്ങൾക്കും ദരിദ്രർക്കും വിദ്യാഭ്യാസം ചുരുങ്ങിയതു ഫ ൊ-ാം ക്ലാസുവരെയെങ്കിലും സൌജന്യമായി കൊടുക്കണമെന്നുള്ള അഭിപ്രായക്കാരനാണു് ഞാൻ. അതു് സാദ്ധ്യമല്ലെങ്കിൽ, അവശസമുദായക്കാരായ ഞങ്ങൾക്കു് ഫീസ്സെങ്കിലും ഇളവുചെയ്തുകിട്ടണം. ഇതിനെസംബന്ധിച്ചു ഞാൻ ഒരു റസലൂഷൻ കൊണ്ടുവരണമെന്നാണു് വിചാരിച്ചതു്. എന്നാൽ എന്റെ സ്നേഹിതൻ മിസ്റ്റർ രാഘവൻ കൊണ്ടുവന്ന റസലൂഷനെപ്പറ്റി ആലോചിക്കുമ്പോൾ, എന്റെ സമുദായത്തിന്റെ കാര്യവുംകൂടി ആലോചിക്കണമെന്നു മാത്രമെ ഞാൻ പറയുന്നുള്ളു. ഇത്രയും പറഞ്ഞു ഈ റസലൂഷനെ ഞാൻ പിൻതാങ്ങുന്നു.

*മിസ്റ്റർ പി. ടി. ജേക്കബ്ബു്: സർ, ഈ പ്രമേയത്തിന്റെ ഉദ്ദേശത്തോടു് യോജിക്കുന്ന ഒരാളാണു് ഞാൻ. ഏതൊരു കടൽകോളിനേയും വകവയ്ക്കാതെ മത്സ്യം പിടിയ്ക്കുന്ന ഒരു സമുദായത്തെ പ്രതിനിധീകരിക്കുന്ന ഒരാളാണു് ഞാൻ. ൟ മാസം കടൽ ക്ഷോഭിക്കുമ്പോൾ, മഴപെയ്യുമ്പോൾ, ൟ മാസത്തോളം തൊഴിലില്ലാതെ ഇരിക്കുന്ന ആളുകൾ എന്നു പറയുന്ന എന്റെ അരയസഹോദരന്മാർ ഭയന്നു അകന്നിരിക്കുന്ന കാലത്തു കടൽകോളിനെ വെല്ലുവിളിച്ചുകൊണ്ടു് കടലിൽപോയി മത്സ്യം പിടിച്ചു നാട്ടുകാക്കു ഭക്ഷണമുണ്ടാക്കിക്കൊടുക്കുന്ന ഒരു സമുദായമാണു് എന്റെ സമുദായമെന്നു എനിയ്ക്കു അഭിമാനിയ്ക്കാൻ സാധിയ്ക്കും. അവർ ൧൫,൦൦൦-ഉണ്ടു്. അവരും വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കമാണെന്നു പറയാതെ നിവൃത്തിയില്ല. അങ്ങിനെയാണെങ്കിലും ഈ വിധത്തിലുള്ള പ്രത്യേക സൌജന്യങ്ങൾ കൊടുക്കണമെന്നു നിർബ്ബന്ധിക്കാൻ ഞാൻ ഒരിക്കലും മുതിരുന്നില്ല. പക്ഷെ, ഞാൻ ആ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

വശപ്പെട്ടം, വിദ്യാഭ്യാസം ചെയ്യാൻ കഴിവില്ലാത്തവർ, അരയസമുദായത്തിലായാലും വിരോധമില്ല മറേറതു സമുദായത്തിലായാലും വിരോധമില്ലാ അങ്ങിനേയുള്ളവരെ ഗവമ്മെണ്ടു് സഹായിക്കണം. അവക്കു ഫീസുമാത്രമല്ലാ മറെറന്തൊക്കെ കൊടുത്തുപഠിപ്പിക്കാൻ സാധിക്കുന്നവോ അതൊക്കെ കൊടുക്കണംഎന്നു് സാമുദായികമായി ഈ നാട്ടിലെ ജനങ്ങളെ വളത്തിക്കൊണ്ടുവരുവാൻ ഈ നാട്ടിലെ ഗവമ്മെണ്ടു് മുതിരുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. സാധുക്കൾ എന്നുള്ള പേരിലല്ലാതെ ഒരു സമുദായത്തിന്റെ പേരിൽ പ്രത്യേക സഹായം ചെയ്തുകൊടുക്കണമെന്നുള്ള വാദം കൊണ്ടുവരുമ്പോൾ അതിനെ എതിർക്കാതെ നിവൃത്തിയില്ല. സാധുക്കളായ കുട്ടികൾ ഏതെല്ലാം സമുദായത്തിലുണ്ടോ, അവക്കെല്ലാം വിദ്യാഭ്യാസം കൊടുക്കത്തക്ക നിലയിൽ ഒരു പരിപാടി ഗവമ്മെണ്ടു് സ്വീകരിക്കണം. വാല സമുദായത്തിനു സൌജന്യ വിദ്യാഭ്യാസം നൽകണമെന്നു പറഞ്ഞുകൊണ്ടു് ഇവിടെ ഒരു ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി, ആ സമുദായത്തിലുള്ള പണക്കാർ മറെറ സമുദായങ്ങളിലെ ചില മുതലാളികൾക്കു പൊരിങ്ങ വിറ്റാൽ കിട്ടുന്ന കാശുപോലും ഉള്ളവരല്ലെന്നു്. അങ്ങിനേയുള്ള മുതലാളികൾ ഒരു പ്രത്യേക സമുദായത്തിൽ പെട്ടവരാണെന്ന നിലയിൽ അവക്കു ഈവക സൌജന്യങ്ങൾ കൊടുക്കുകയായെന്നുണ്ടെങ്കിൽ; നിശ്ചയമായും അതു് സാധുക്കളുടെമേൽ ഗവമ്മെണ്ടു് ചെയ്യുന്ന ഏറവും ഭയങ്കരമായ ഒരനീതിയായിരിക്കുമെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. അങ്ങിനേയുള്ള പലർക്കും സഹായം അനുവദിച്ചുകൊടുത്തിരിക്കുന്നതായി ഈ നിയമസഭയ്ക്കും ഗവമ്മെണ്ടിനും അറിയാവുന്ന സംഗതിയാണു്. അങ്ങിനേയുള്ള ഒരു നില നമ്മുടെ നാട്ടിൽ ഒരിക്കലും അനുവദിക്കാൻ പാടില്ലാത്തതാണു്. ഈവക സൌജന്യങ്ങൾ ഏതെങ്കിലും സമുദായത്തിലെ ധനികന്മാർക്കനുവദിച്ചിട്ടുണ്ടെങ്കിൽ, അതു് ഇല്ലായ്മചെയ്യാൻ ഗവമ്മെണ്ടും നിയമസഭയും മുതിരണമെന്നു ഞാൻ ആവശ്യപ്പെടുന്നു. അരയസമുദായത്തിലേയായാലും, മറേറതു സമുദായത്തിലേയായാലും വിരോധമില്ലാ, സാധുക്കളായ കുട്ടികൾക്കു വിദ്യാഭ്യാസ സൌജന്യങ്ങൾ കൊടുക്കണം. നിർബ്ബന്ധിക പ്രാഥമിക വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനത്തിൽ 8 വയസ്സിനു മേലുള്ള എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം കൊടുക്കാൻ ആലോചിക്കുന്ന ഗവമ്മെണ്ടു് വിദ്യാഭ്യാസം ചെയ്യാനുള്ള സകല സൌകര്യങ്ങളും, നിർബ്ബന്ധമായ എല്ലാവക്കും ചെയ്തുകൊടുക്കേണ്ടതാണു്. അങ്ങിനെ നിർബ്ബന്ധമായ കുട്ടികൾക്കു വിദ്യാഭ്യാസം ചെയ്യാനുള്ള സൌകര്യമുണ്ടാക്കികൊടുക്കുമ്പോൾ, ആ ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുമ്പോൾ ഇങ്ങിനേയുള്ള ആക്ഷേപങ്ങൾക്കു ഒരിയ്ക്കലും അടിസ്ഥാനമുണ്ടാകയില്ല. പഠിക്കാൻ ആഗ്രഹമുള്ള സാധുക്കൾക്കു നിശ്ചയമായും ഗവമ്മെണ്ടു് ധനസഹായം ചെയ്യണം. ജനസംഖ്യാനുപാതികമായി എടുത്തുനോക്കുകയാണെങ്കിൽ വിദ്യാഭ്യാസത്തിൽ ഏതൊരു സമുദായത്തോടും ഇവരും കിടപിടിക്കുമെന്നു എനിയ്ക്കു തോന്നുന്നു. എങ്കിലും ആ സമുദായത്തിലും നിർഭാഗ്യവശാൽ വിദ്യാഭ്യാസം കൊടുക്കേണ്ടതത്യാവശ്യമാണു്. അതുകൊണ്ടു് ഇതിന്റെ തത്വത്തോടു ഞാൻ അനുകൂലിക്കുകയും അതേസമയം സമുദായം നോക്കാതെയായിരിക്കണം ഇങ്ങിനേയുള്ള സഹായം ചെയ്യേണ്ടതു എന്നു് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

*മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: സർ, ഈ വിഷയത്തെപ്പററി ഒന്നും സംസാരിയ്ക്കേണ്ട എന്നാണു് ഞാൻ വിചാരിച്ചതു്. മിസ്റ്റർ ഡീവറും മറവും പറഞ്ഞമാതിരി പ്രവൃത്തിയെടുക്കുന്ന ഇവക്കു് നിശ്ചയമായും വിദ്യാഭ്യാസം കൊടുക്കണം. അതു സാഹസമായ ഒരു പ്രവൃത്തിയാണു് കടലിൽപോയി മീൻപിടിയ്ക്കുകയെന്നുള്ളതു്. വിദ്യാഭ്യാസം ഇല്ലാത്തതുകൊണ്ടാണു അതു് ചെയ്യുന്നതു്. അപ്പോൾ എന്തു ചിലവുവന്നാലും, തീർച്ചയായും അവക്കു് വിദ്യാഭ്യാസം കൊടുക്കണം. ഇതിനു ഗവമ്മെണ്ടു് ഒട്ടും മടിക്കരുതു്. അല്ലെങ്കിൽ നമ്മുടെ ജനസംഖ്യതന്നെ ചുരുങ്ങിപ്പോകും. പക്ഷെ, അവക്കു് വിദ്യാഭ്യാസം കൊടുത്തു അവർ വിദ്യാസമ്പന്നരായിതീരുമ്പോൾ നമുക്കു് മത്സ്യം കിട്ടാതെ വരുമോ എന്നുള്ളതാണു് ഭയം.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: പറഞ്ഞതും നമ്മൾ ഓർമ്മിയ്ക്കണം. വിദ്യാഭ്യാസം കൊടുക്കുന്നതു സമുദായത്തെ നോക്കിയാകരുതു് എന്ന പക്ഷക്കാരനാണു് ഞാൻ. സാധുക്കളാണെന്നു കണ്ടാൽ ഏതൊരു സമുദായത്തിൽപെട്ടവക്കും സൌജന്യ വിദ്യാഭ്യാസം കൊടുക്കണം. എന്നാൽ ഇതിനു സഹായം അഭ്യർത്ഥിക്കുന്ന ധനികന്മാർക്കു് ഇതു് കൊടുക്കരുതു. ഇന്ന ഇന്ന

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. N. Ittiravi Nambudiri]

സമുദായങ്ങളിലെ ധനികന്മാർ ഉണ്ടാകാൻ പാടുള്ള എന്ന നിർബ്ബന്ധമില്ല. എല്ലാ സമുദായങ്ങളിലും ധനികന്മാർ ഉണ്ടായിരിക്കും. അതുകൊണ്ട് ധനികന്മാരൊഴിച്ച ബാക്കിയുള്ളവക്ക് സൌജന്യ വിദ്യാഭ്യാസം കൊടുക്കുന്നതിനോട് ഞാൻ അനുകൂലിക്കുന്നു. ഇതിനെപ്പറ്റി ഗവമ്മെണ്ട് പ്രത്യേകം ശ്രദ്ധിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, വിദ്യാഭ്യാസത്തിന്ന ആനുകൂല്യങ്ങൾ എത്ര കൊടുത്താലും അധികമാകയില്ലായെന്നാണ് ഗവമ്മെണ്ടിന്റെ അഭിപ്രായം. ഈ നാട്ടിൽ സാമാന്യേന അധികവും ദരിദ്രരാണ്. ധനികന്മാർ എന്ന പറയുന്ന ആളുകൾ ധാരാളം ഇല്ലാത്ത ഒരു രാജ്യമാണിത്. അങ്ങിനെയുള്ള രാജ്യത്തിൽ പണമില്ലാത്തതുകൊണ്ട വിദ്യാഭ്യാസം നടത്തുവാൻ സാധിക്കാത്ത അനവധിയാളുകളുണ്ട്. ചില സമുദായങ്ങളിൽ അതു കുറെ അധികമാണ്. ദാരിദ്ര്യംകൊണ്ടോ, അതല്ലെങ്കിൽ സമുദായസ്ഥിതികൊണ്ടോ, അല്ലെങ്കിൽ മറേറതെങ്കിലും വിധത്തിലുള്ള സാഹചര്യങ്ങൾകൊണ്ടോ, കഴിവും പ്രാപ്തിയുമുള്ള ഒരു കുട്ടിക്ക—വിദ്യാർത്ഥിയായാലും തരക്കേടില്ല, വിദ്യാർത്ഥിനിയായാലും തരക്കേടില്ല—അവരുടെ ബുദ്ധി സാമർത്ഥ്യംമൂലം അവരെത്തേണ്ട സ്ഥാനത്തു എത്താൻ സാധിക്കാതെ വരുന്നതു വലിയ കഷ്ടമാണണെന്നാണ് ഞാൻ വിശ്വസിക്കുന്നതു. ഏതു പരിഷ്കൃത സമുദായത്തിന്റേറയും, ഏതു പരിഷ്കൃത ഗവമ്മെണ്ടിന്റേറയും ഉദ്ദേശം ഈ വിധത്തിലുള്ള ബുദ്ധിമുട്ടുകൾ ഒന്നും ഒരാളുടെ പുരോഗമനത്തിന്ന തടസ്ഥമായി നില്ക്കരുതെന്നാണ്. പ്രൊഫസർ രാമാനുജത്തിന്റെ മാതിരി, അതുല്യമായ ബുദ്ധിശക്തിയുള്ള കുറെയധികം ചെറുപ്പക്കാർ പണമില്ലാത്തതുകൊണ്ടും മറെറ സാഹചര്യങ്ങൾ ഇല്ലാത്തതുകൊണ്ടും സ്കൂളിൽ പോകേണ്ട കാലത്തു വേലയെടുക്കാൻ പോകേണ്ടിവരുന്നതും കോളേജിൽ പഠിയ്ക്കേണ്ട കാലത്തു കുടുംബഭാരമേല്ക്കേണ്ടിവരുന്നതുകൊണ്ട് അവക്കു വിദ്യാഭ്യാസ സൌകര്യമില്ലാതെ പോകുന്നതു നമ്മുടെ രാഷ്ട്രത്തിന്ന നഷ്ടമാണ്. അതിന്ന പരിഹാരം കാണേണ്ടതും ഏതു ഗവമ്മെണ്ടിന്റേറയും ചുമതലയാണ്. സാധിക്കുമെന്നുണ്ടെങ്കിൽ, വിദ്യാഭ്യാസം എല്ലാവക്കും സൌജന്യമായി കൊടുക്കേണ്ടതു ഗവമ്മെണ്ടിന്റെ ചുമതലയാണ്. എന്നാൽ ചില പരിമിതികൾ ഉള്ളതുകൊണ്ടാണ് ഇപ്പോൾ ചില നിയന്ത്രണങ്ങൾ വെച്ചിട്ടുള്ളതു. ഇപ്പോൾ തന്നെ പ്രൈമറി വിദ്യാഭ്യാസം ജാതിമതവ്യത്യാസം കൂടാതെ സൌജന്യമായി കൊടുക്കണമെന്നു ഗവമെണ്ട് തീരുമാനിച്ചു; അതു സാവ്തികമാക്കണമെന്ന തീരുമാനിച്ചു. അത്രമാത്രം തീരുമാനിച്ചതു അതിലുപരിയായുള്ള വിദ്യാഭ്യാസം ചീത്തയാണെന്നോ അതെല്ലാവക്കും കൊടുക്കുന്നതു തെറ്റാണെന്നോ ഉള്ള വിചാരം കൊണ്ടല്ല; പ്രായോഗികതയെ ഉദ്ദേശിച്ചു മാത്രം അതു ചെയ്തിട്ടുള്ളതാണ്. ഇപ്പോൾ ഗവമ്മെണ്ട് സ്വീകരിക്കണമെന്ന ബഹുമാനപ്പെട്ട മെമ്പന്മാർ ആവശ്യപ്പെട്ടിന്ന പ്രമേയം അരയസമുദായത്തിൽപെട്ട വിദ്യാർത്ഥികൾക്കും വിദ്യാർത്ഥിനികൾക്കും പത്തു ക്ലാസ്സു പാസാകുന്നതുവരെ ഫീസിളവുചെയ്തു കൊടുക്കണമെന്നാണ്. ഇതു ഒരു ഗവമ്മെണ്ടിനു് യാതൊരു വിധത്തിലുള്ള അപേക്ഷിതമായ ചിന്തയും കൂടാതെ തെറ്റെന്നോ ശരിയെന്നോ പറയാൻ സാദ്ധ്യമല്ല. ശ്രീമാൻ രാഘവനും അദ്ദേഹത്തെ തുടർന്നുകൊണ്ട് പ്രസംഗിച്ച ശ്രീമാൻ ഡീവറും ഇവിടെ ഉന്നയിച്ച വാദങ്ങൾ തെറ്റാണെന്ന ഗവമ്മെണ്ടിനു പറയാൻ സാദ്ധ്യമല്ല. കാരണം ഈ കാര്യം തെറ്റെന്നോശരിയെന്നോ പറയാൻ സാദ്ധ്യമല്ല. മറെറ കാര്യങ്ങളെ അപേക്ഷിച്ചു ഈ വക കാര്യങ്ങൾക്കു ശരിയായി ഒരു മറുപടി പറയാൻ സാദ്ധ്യമല്ല. ഗവമ്മെണ്ടിന്റെ ബുദ്ധിമുട്ടുകൾ കുറെയൊക്കെ നോക്കണം. പ്രാഥമിക വിദ്യാഭ്യാസം, സാവ്തികമായി സൌജന്യമാക്കിയതിന്ന പുറമേ, അധഃകൃതസമുദായത്തിൽപെട്ട വിദ്യാർത്ഥികൾക്കും വിദ്യാർത്ഥിനികൾക്കും വിദ്യാഭ്യാസം സൌജന്യമാക്കീട്ടുണ്ട്. ഇതു ഒരു ജനറൽ ഓർഡർകൊണ്ടാണ് പാസാക്കിയതു. അങ്ങിനെ ചെയ്തതു ആ സമുദായത്തിലുള്ളവർ അധികവും ദരിദ്രരായതു കൊണ്ടാണ്. എന്തോ ചില കാരണങ്ങളാൽ സാവ്തികമായി ദാരിദ്ര്യത്തിൽ ആണ്ടു കിടക്കുന്ന ഒരു സമുദായമാണതു. അതുകൊണ്ടാണ് അവരുടെ കുട്ടികൾക്കു സൌജന്യവിദ്യാഭ്യാസം കൊടുക്കുന്നതു. അതുപോലെ പണക്കാരുടെ കുട്ടികൾക്കും സൌജന്യമായി വിദ്യാഭ്യാസം കൊടുക്കണമെന്ന പറയുകയാണെങ്കിൽ അതു അസംബന്ധമായേ പരിണമിക്കുകയുള്ളു. പിന്നോക്കം നില്ക്കുന്ന സമുദായങ്ങൾക്കു കൊച്ചിയിൽ മാത്രം

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

മല്ല; ഇന്ത്യയിൽ മുഴവൻ ഇങ്ങിനെയുള്ള സൌജന്യങ്ങൾ ചെയ്യുന്നുണ്ട്. ഇങ്ങിനെയുള്ള സമുദായങ്ങൾക്ക വിദ്യാഭ്യാസം നൽകി അവരെ പുരോഗമിപ്പിക്കേണ്ടതു് സ്റ്റേറ്റിന്റെ ചുമതലയാണെന്ന ധാരണയോടുകൂടിയാണു് അവർക്ക സൌജന്യവിദ്യാഭ്യാസം നൽകിയതു്.

അവർ മറവ സമുദായങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ അത്രതന്നെ താഴ്ന്നതല്ലെങ്കിലും, ജാതിസംബന്ധമായിട്ടല്ല പറയുന്നതു്, വിദ്യാഭ്യാസ സംബന്ധമായിട്ട അത്രതന്നെ പിന്നോക്കമല്ലെങ്കിലും മറവ ചില സമുദായങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ പിന്നോക്കം നില്ക്കുന്നു. അങ്ങിനെയുള്ള എല്ലാ സമുദായങ്ങളേയും കൂട്ടിച്ചേർത്തു് backward communities എന്ന പേരു കൊടുത്തു. ഗവമ്മെണ്ടു ഈ കാര്യത്തിൽ ഒരു തീരുമാനം ചെയ്യുമ്പോൾ അധഃകൃതരും പെരുമണ്ണാനും മഴിച്ചു് വേറെ കുറെ സമുദായങ്ങളെ backward communities എന്ന പറഞ്ഞു നിത്തിയിരിക്കുകയാണു്. അവരിൽ വളരെ നല്ല ആളുകൾ ഉണ്ടു്; പണ്ഡിതന്മാരുണ്ടു്; വളരെ യോഗ്യന്മാരുണ്ടു്; എങ്കിലും സാമാന്യമായി നോക്കുകയാണെങ്കിൽ അവർ വിദ്യാഭ്യാസ സംബന്ധമായി പിന്നോക്കം നില്ക്കുന്നു. അങ്ങിനെയുള്ളവർക്കു്, backward communities-നു ചില ആനുകൂല്യങ്ങൾ കൊടുത്തിട്ടുണ്ടു്. അതായതു് പകുതി ഫീസ്സു് സൌജന്യം. ബാക്കിയുള്ളവർക്കു് അങ്ങിനെ ഒന്നും കൊടുത്തിട്ടില്ല. നമ്പൂതിരി സമുദായം വളരെ ഉയർന്ന സമുദായമാണെന്നാണു് വെച്ചിരിക്കുന്നതു്. എന്നാൽ കഴിഞ്ഞുകൂടുവാൻ നിവൃത്തിയില്ലാത്തവരും പഠിക്കുവാൻ യാതൊരു നിവൃത്തിയില്ലാത്തവരും ആ സമുദായത്തിലുണ്ടു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: നമ്പൂതിരിമാരിൽ ധനവാന്മാർക്കും പകുതി ഫീസ്സു സൌജന്യം ഇല്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ധനവാന്മാർക്കുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ധനവാന്മാർക്കും ഉണ്ടു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉണ്ടായിരിക്കാം, തീർച്ച പറയുവാൻ നിവൃത്തിയില്ല. പിന്നെ ബ്രാഹ്മണസമുദായത്തെ എടുത്തു നോക്കാം. അവർ വളരെ വിദ്യാഭ്യാസം ഉള്ളവരാണു്. സ്വത്തുക്കളുള്ള ആളുകളും അവരുടെ കൂട്ടത്തിലുണ്ടു്. എന്നാൽ ദാരിദ്ര്യംകൊണ്ടു് താഴ്ന്ന വിദ്യാഭ്യാസത്തിനു പോകുവാൻ സാധിക്കാത്ത വളരെ ആളുകൾ അവരുടെ കൂട്ടത്തിലുണ്ടു്. അപ്പോൾ ദാരിദ്ര്യം എല്ലാവരിലും ഉണ്ടു്. പക്ഷെ അതിനു കുറച്ചൊക്കെ വ്യത്യാസമുണ്ടു് എന്നേയുള്ളു. ഇവിടെ ഇപ്പോൾ ആലോചിക്കുവാനുള്ളതു് അരയന്മാർക്കു് പകുതി ഫീസ്സു സൌജന്യം എന്നുള്ളതു് മുഴവൻ ഫീസ്സു സൌജന്യം ആക്കണമൊ എന്നുള്ളതാണു്. അങ്ങിനെ ആക്കുകയാണെങ്കിൽ പിറെറ ദിവസം എല്ലാകൊണ്ടവാലന്മാർക്കു് അതു കൊടുക്കുന്നില്ല എന്ന വാദം വരും. മിസ്റ്റർ ഡീവരുടെ ഒരു എഴുത്തുണ്ടാകും വാലന്മാർക്കും അനുവദിച്ചുകൊടുക്കാത്തതു എല്ലാകൊണ്ടാണെന്നു്. പിന്നെ മിസ്റ്റർ എഴുത്തച്ഛന്റെ സമുദായത്തേയും backward communities-ന്റെ കൂട്ടത്തിലാണു് പെടുത്തിയിരിക്കുന്നതു്. എഴുത്തച്ഛന്മാർക്കു എല്ലാകൊണ്ടു് അനുവദിക്കുന്നില്ല എന്നു് അദ്ദേഹവും ചോദിക്കും. ഇതുപോലെ എല്ലാ സമുദായക്കാരും ചോദിക്കുവാൻ തുടങ്ങും. ഈ സമുദായങ്ങളൊക്കെ തമ്മിൽ വ്യത്യാസമില്ലെന്നല്ല ഞാൻ പറയുന്നതു്. ഇതുപോലെ നിത്യവും വേലയെടുത്തു കഴിഞ്ഞുകൂടുന്ന ആളുകൾ എല്ലാ സമുദായത്തിലുമുണ്ടു്. വിശ്വകർമ്മാളന്മാർ മുതലായ സമുദായക്കാരുടേയും സാമ്പത്തികസ്ഥിതി ഏറവും നല്ലതാണെന്നു പറയുവാൻ നിവൃത്തിയില്ല. ഓരോ സമുദായത്തേയും എടുത്തുനോക്കുകയാണെങ്കിൽ അവരുടെ സമുദായത്തിലും ഉയർന്ന വിദ്യാഭ്യാസമുള്ളവർ ഉണ്ടായിരിക്കയില്ല. വാല സമുദായത്തിൽ ഒരു ബി.എൽ. കാരനേ ഉണ്ടായൊള്ളു എന്നു പറഞ്ഞു. മറവ സമുദായങ്ങളിൽ ഒന്നെങ്കിലും ഉണ്ടൊ എന്നു അറിയുകയില്ല. Backward communities-ൽ പെട്ട ഒരു സമുദായത്തിനു ഫീസ്സു സൌജന്യം കൊടുത്തു കഴിഞ്ഞാൽ ആ ക്ലാസ്സിൽ പെട്ട എല്ലാ സമുദായങ്ങൾക്കും കൊടുക്കേണ്ടിവരും. അങ്ങിനെ കൊടുക്കുന്നതിൽ തെറവുണ്ടെന്നല്ല ഞാൻ പറയുന്നതു്. ഗവർമ്മെണ്ടിന്റെ സാമ്പത്തിക നില അതു ചെയ്യുവാൻ അനുവദിക്കുകയില്ല. മിസ്റ്റർ രാഘവൻ അരയസമുദായത്തിന്റെ നില മാത്രമേ പറഞ്ഞുള്ളു. ആ ഒരു നില ഗവമ്മെണ്ടിനു എടുക്കുവാൻ നിവൃത്തിയില്ല. ഇതു ഒരു സമുദായത്തിനു ചെയ്താൽ അതിൽനിന്നു ഉണ്ടായേക്കാവുന്ന പരിണാമങ്ങളാണു് ഗവമ്മെണ്ടിനു ആലോചിക്കുവാനുള്ളതു്. ഇപ്പോൾതന്നെ വിദ്യാഭ്യാസത്തിന്റെ വഴിവിച്ചുവരുന്ന ചിലവുകൾ എങ്ങിനെയാണു് താങ്ങുക എന്നു ഗവമ്മെണ്ടിനു തോന്നിയിട്ട

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

ങ്ങിയിട്ടുണ്ട്. ഇനിയും വിദ്യാഭ്യാസ ചിലവു വല്ലിച്ചു വരുവാനാണ് ഇടയുള്ളതു്. ഇനിയും കൂടുതൽ സംഖ്യ വിദ്യാഭ്യാസത്തിനുവേണ്ടി ചിലവു ചെയ്യേണ്ടതുണ്ട്. അരയന്മാരും വാലന്മാരും ഉൾപ്പടെ നമ്മുടെ ചില സമുദായങ്ങൾക്കു ആവശ്യമായ ഈ പദ്ധതി ഇപ്പോൾ സ്വീകരിക്കുകയാണെങ്കിൽ അതിനേക്കാൾ പുരോഗമനപരങ്ങളായിട്ടുള്ള കാര്യങ്ങൾ ചെയ്യുന്നതിനെ അതു തടയുന്നതായിരിക്കും. പ്രത്യേകിച്ചും ഈ അവസരത്തിൽ, ഗവമ്മെണ്ടിന്റെ ബഡ്ജറ്റ് മോശമായിരിക്കുന്ന ഈ അവസരത്തിൽ, പത്തിരുപതു കൊല്ലമായി പകുതി ഫീസ്സു സൌജന്യം അനുഭവിച്ചു വന്നിരുന്ന പെൺകുട്ടികളിൽനിന്നുപോലും ആ സൌജന്യം എടുത്തു കളഞ്ഞ് ആൺകുട്ടികളെപോലെ പെൺകുട്ടികളും ഫീസ്സു കൊടുക്കണമെന്നു് ഗവമ്മെണ്ടു നിബ്ബന്ധിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ, ഇപ്പോഴുള്ള സൌജന്യം തുടർന്നുകൊണ്ടുപോകുവാൻ ഗവമ്മെണ്ടിനു കഴിവുണ്ടാക്കുമാറും ഗവമ്മെണ്ടിനെ സഹായിക്കുമാറും ഈവക സൌജന്യങ്ങളും വല്ലിപ്പിക്കുവാൻ അതിന്റെ പിന്നിൽ എത്രതന്നെ ന്യായങ്ങളുണ്ടെങ്കിലും കൂടി അപേക്ഷിക്കരുതെന്നു ഞാൻ ബഹുമാനപ്പെട്ട മെമ്പരോടു് സവിനയം ആവശ്യപ്പെടുന്നു. അതു് അദ്ദേഹത്തിന്റെ വാദം ന്യായമല്ല എന്നുള്ള നിലയിലല്ല. അതുകൊണ്ട് ഈ ഉപക്ഷേപം പ്രസ്സ് ചെയ്യരുതെന്നും തല്ക്കാലം ഗവമ്മെണ്ടിനു പണം ചിലവു ചെയ്യുവാൻ നിവൃത്തിയില്ലെന്നും ഞാൻ പറഞ്ഞുകൊള്ളുന്നു.

മിസ്റ്റർ കെ. എ. രാഘവൻ: സർ, ഗവമ്മെണ്ടിനു ഒരു പണച്ചിലവുവരുന്ന ഒരാവശ്യമാണു് കഴിഞ്ഞ കൊല്ലത്തെ സമ്മേളനത്തിൽ പാസ്സാക്കീട്ടുള്ള എന്റെ പ്രമേയത്തിലുള്ളതു്. അന്നത്തെ സഭ ആ പ്രമേയം ഇവിടെ പാസ്സാക്കി തന്നതിൽ ആ സഭസ്സിലെ സാമാജികന്മാരോടുള്ള എന്റെ അകൈതവമായ കൃതജ്ഞത ഞാനിപ്പോൾ രേഖപ്പെടുത്തിക്കൊള്ളട്ടെ. അന്നത്തെ പ്രമേയം അംഗീകരിച്ചിരുന്നുവെങ്കിൽ ഗവമ്മെണ്ടിനു കുറെ പണച്ചിലവുകൾ ഉണ്ടാകുമായിരുന്നു. അധഃകൃതർക്കു അനുവദിച്ചു കൊടുക്കുന്ന വിദ്യാഭ്യാസ സൌജന്യങ്ങൾ എല്ലാംതന്നെ അരയവിദ്യാർത്ഥിക്കും അനുവദിച്ചുകൊടുക്കണമെന്നായിരുന്നു അന്നത്തെ പ്രമേയത്തിലെ ഉള്ളടക്കം. എന്നാൽ ഇന്നു ഞാൻ ഏറ്റവും പരിമിതമായ തോതിൽ എന്റെ സമുദായത്തിനുവേണ്ടി അപേക്ഷിച്ചതു് ഞങ്ങളുടെ കുട്ടികൾക്കു് പത്താം ക്ലാസ്സുവരെയുള്ള ഫീസ്സെങ്കിലും ഇളവുചെയ്യ തരണമെന്നാണു്. ഞാൻ ആലോചിച്ചുനോക്കിയതിൽ പറയത്തക്ക ഒരു നഷ്ടവും ഗവമ്മെണ്ടിനു അതിൽനിന്നും വരുവാനില്ല. ആകപ്പാടെ കണക്കെടുത്തു നോക്കിയാൽ എത്ര വിദ്യാർത്ഥികളാണു് ഞങ്ങളുടെ സമുദായത്തിൽനിന്നും പഠിക്കുന്നതെന്നു് അറിയുവാൻ യാതൊരു പ്രയാസവുമില്ല. വസ്തുത ഇങ്ങിനെയെല്ലാമിരിക്കെ ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നും ഇപ്രകാരം ഒരു മറുപടി വന്നതു് എന്റെ സമുദായത്തെ തീരാദുഃഖത്തിൽ ആഴ്ത്തിയിരിക്കുന്നു എന്നുവേണം എനിക്കിവിടെ പറയുവാൻ. കഴിഞ്ഞ നിയമസഭയിൽ പാസ്സാക്കിയ പ്രമേയം മഹാരാജാവു തിരുമനസ്സിലെ അനുമതി ലഭിക്കാതെ പോയതു് എനിക്കു തോന്നുന്നതു്, അന്നു അതിനു ബാഹ്യസ്ഥന്മാരായ ഉദ്യോഗസ്ഥന്മാർ വേണ്ടപോലെ എഴുതി അയച്ചിട്ടില്ലാത്തതുകൊണ്ടായിരിക്കാം എന്നാണു്. എന്നാൽ ഇന്നു ആ ഡിപ്പാർട്ട്മെണ്ടും ജനകീയ ഹസ്തങ്ങളിലാണു് സ്ഥിതി ചെയ്യുന്നതു്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇങ്ങിനെയെല്ലാം പറഞ്ഞുവെങ്കിലും അതിനു വേണ്ടത്തക്ക ഒത്താശകൾ ചെയ്തുതരുമെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. പണ്ടത്തെക്കാലത്തു മത്സ്യം പിടിത്തം വളരെ മ്ലേഛമായ ഒരു പ്രവൃത്തിയായിട്ടാണു് വിചാരിച്ചിരുന്നതു്. എന്നാൽ ഇപ്പോൾ അനുഭവംകൊണ്ട് അങ്ങിനെയല്ല കാണുന്നതു്. ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ മിസ്റ്റർ പി. ടി. ജേക്കബ്ബ് താനും ഒരു മത്സ്യം പിടിത്ത സമുദായത്തിന്റെ പ്രതിനിധ്യം വഹിക്കുന്നു എന്നു പ്രസ്താവിക്കുന്നതു കേട്ടു. അതു് അദ്ദേഹം പറഞ്ഞതു് വളരെ നന്ദിയുള്ള ഒരു വാക്കാണെന്നാണു് എന്റെ വിശ്വാസം. പണ്ടുകാലങ്ങളിൽ ഈ മത്സ്യബന്ധന തൊഴിൽ അരയന്മാരല്ലാതെ വേറെയാരും ചെയ്തിരുന്നില്ല എന്നുള്ളതു് സകല ശാസ്ത്രങ്ങളിൽനിന്നും പുരാണങ്ങളിൽനിന്നും തെളിയുന്ന ഒരു സംഗതിയാണു്. എന്നാൽ സംഗതികളുടെ വികൃതികൊണ്ടോ സാഹചര്യങ്ങളുടെ ബലാൽപ്പാടുകൊണ്ടോ മറ്റു ചില പ്രബലസമുദായക്കാരുടെ നിർബ്ബന്ധംകൊണ്ടോ അവരുമായിട്ടുള്ള കൂടുതൽ വേഴ്ചകൊണ്ടോ ഈ കടലോരങ്ങളിൽ അന്നു താമസിച്ചിരുന്ന അരയന്മാരിൽ മിക്കവരും ഒരു സമുദായത്തിൽ ലയിച്ചുപോയി എന്ന വസ്തുത ഞാൻ ഇവിടെ അറിയിച്ചുകൊള്ളുന്നു.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: നിർബ്ബന്ധം എന്ന വാക്കിനെ കാസ്റ്റ്രേറ്റ് ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എ. രാഘവൻ : കാലണ ഇന്ന ഞാൻ ചിലവാക്കിയാൽ നാളെ കുസ്സ്യാനിയാണ്. അങ്ങിനെയുള്ള സംഗതികൊണ്ട് ഈ സമുദായത്തിൽപെട്ട അധികം പേരും മറ്റ സമുദായങ്ങളിലും മിസ്റ്റർ ജേക്കബ്ബിന്റെ സമുദായത്തിൽതന്നെയും ലയിച്ചുപോയി. അങ്ങിനെയുള്ള ഒരു സമുദായത്തിന്റെ പ്രാതിനിദ്ധ്യം വഹിച്ചുകൊണ്ട് പാവപ്പെട്ട ആദിമ സ്ഥിതിയിൽ കിടക്കുന്ന സമുദായക്കാക്ക് എന്തെങ്കിലും സഹായം ആവശ്യപ്പെട്ടപ്പോൾ അതു സാധിച്ചു കൊടുത്തുകൂടാ എന്ന പറയുന്നതു് ഒരു മാതിരി നന്ദികേടും ആനപ്പുറത്തിരുന്ന വേലി പൊളിക്കുന്ന ഏർപ്പാടും ആണെന്നാണ് ഞാൻ പറയുന്നതു്. എനിക്കും നാളെ കുസ്സ്യീയസമുദായത്തിലൊ മുഹമ്മദീയസമുദായത്തിലൊ ചേരുന്ന അഭിമാനം കൊള്ളാം. എനിക്കതിനു സ്വാതന്ത്ര്യമുണ്ട്. അതുകൊണ്ട് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടു് ഒരിക്കൽകൂടി അപേക്ഷിക്കുന്നതു് ഞങ്ങളുടെ സമുദായത്തിന്റെ വിദ്യാഭ്യാസകാര്യത്തിൽ പ്രത്യേകം ഒരു ശ്രദ്ധവെച്ച് യാതൊരു ഒഴികഴിവും പറയാതെ backward communities-ൽപെട്ട അന്യ സമുദായക്കാരും തങ്ങൾക്കും കിട്ടണമെന്ന പറഞ്ഞവരും എന്നുള്ള ഒഴികഴിവുകൾ പറയാതെ എന്റെ സമുദായത്തിന്റെ കാര്യം ഒന്നുകൂടി ആലോചിക്കുമെന്നാണ്. സർ, ബാക്ക വേർഡ് കമ്മ്യൂണിറ്റീസിൽപെട്ട മറ്റ സമുദായങ്ങളിൽ വിദ്യാഭ്യാസം സിദ്ധിച്ചവരുടെ എണ്ണം നോക്കിയാൽ അറിയാം വിദ്യാഭ്യാസത്തിൽ ഞങ്ങളുടെ നില എന്താണെന്നുള്ളതു്. ഈഴവർ, എഴുത്തശ്ശന്മാർ എന്നിവരെപോലെ ഞങ്ങളുടെ സമുദായത്തെ പരിഗണിക്കരുതു്. മറ്റ സമുദായക്കാർ വരുകയാണെങ്കിൽ അപ്പോൾ അവരോടു് ശരിയായ ന്യായം പറയുവാൻ സാധിക്കും. അതുകൊണ്ട് ഒന്നുകൂടി ബഹുമാനപ്പെട്ട മന്ത്രി അവർകൾ ഞങ്ങളുടെ സമുദായത്തിന്റെ കാര്യത്തിൽ ശ്രദ്ധവെക്കണമെന്നപേക്ഷിച്ചുകൊണ്ട് ഞാൻ ഈ പ്രമേയം സഭയുടെ അനുവാദത്തോടുകൂടി പിൻവലിച്ചുകൊള്ളുന്നു.

Resolution, by leave, withdrawn

(3) Houses for Ministers

Mr. P. Kumaran Ezhuthassan *(Vadakkancheri):* Mr. President, I move that "this Council recommends to Government that houses necessary to house all the Ministers be acquired by the Government".

Sir, a certain number of Ministers for Cochin has become a necessity. We are now at 4 whether it is necessary or not, we are on the onward move. Necessarily, therefore, more than 4 will be necessary, unless, of course, in the onward move, intelligence, patriotism and consideration for the masses will be evinced by the Ministry makers reducing the number of the present Ministry to 3 when more departments also are transferred. Unless that contingency arises, we have necessarily to go on to number 5 at least. Now, in this Council, during the Legislative session meetings of 1122 in all the three meetings, questions were put and answered about the housing arrangements of our representatives, the Ministers. One question answered has brought out the information that the only house possessed by the Government as its property to house one of its Ministers has cost by way of acquisition 58,952 rupees. That is, question No. 102 answered in the Legislative Session meeting of Vrischigam 1122.

Additional amounts upon that had to be spent for improvements. So we have got a good house to house one of our Ministers. As far as our other 3 esteemed friends are concerned, they are housed in rented buildings, a position which is most unbecoming of the Ministers of a State like Cochin. The Ministers of our country must live in Government houses. The Government house occupied by the Hon'ble Minister so and so must be the sign board and not Kunhalu's house or Pilla's house occupid by the Minister for Works or Minister for something else. I submit, therefore, that instead of having these rented buildings, which have a taint, a bad taint about it, our Ministers must be housed in Government buildings. Unless spare palaces are available, which I believe are not available, necessarily houses becoming of our Ministers will have to be acquired. If houses are not available for acquisition, sites will have to be acquired and construction will have to be made. In short our Ministers must be housed properly. But don't make the mistake that I am for that lavish furnishing which is done with about 30,000 and more of the tax-payers' money for three of the four ministers.

Mr. Parambi Lonappen *(Irinjalakkuda):* Not without furniture ?

Mr. P. Kumaran Ezhuthassan *(Vadakkancheri):* That is furniture. This is furniture and there are furniture and furniture. Furniture as becomes the Ministers of Cochin must be had. Nothing more, nothing less.

LIBRARY ARCHIVES Kerala Legislative Assembly